89.	ഇരിക്കൂർ	98.	മലക്കിപ്പാറ
90.	പയ്യന്നൂർ	99.	ബിനാനിപുരം
91.	ബേഡകം	100.	പുളിക്കീഴ്
92.	ചിറ്റാരിക്കൽ	101.	കല്ലമ്പലം
93.	രാജപുരം	102.	പട്ടണക്കാട്
94.	ഏരൂർ	103.	കാട്ടൂർ
95.	കക്കാട്	104.	പീച്ചി
96.	തൊട്ടിൽപ്പാലം	105.	വടക്കേക്കാട്
97.	വെള്ളൂർ	106.	കൊടുവള്ളി

പുതുതായി നിയമിച്ച പോലീസ് കോൺസ്റ്റബിൾമാർ

58 [66] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 മേയ് 31 വരെ പോലീസ് വകുപ്പിൽ എത്ര പോലീസ് കോൺസ്റ്റബിൾമാരെ പുതുതായി നിയമിച്ചു?

ഉത്തരം

6162 കോൺസ്റ്റബിൾമാരെ പുതുതായി നിയമിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ആശുപത്രിയാക്കാൻ തീരുമാനം

59 [67] ശ്രീ. എ. കെ. പത്മനാഭൻ:
,, എ. സി. ഷൺമുഖദാസ്:
,, കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് റഫറൽ ആശുപത്രിയാക്കി മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എന്നുമുതലാണ് റഫറൽ ആശുപത്രിയാക്കി മാറ്റുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ആശുപത്രിയാക്കുമ്പോൾ നഗരപ്രാന്തപ്രദേശങ്ങളിലെ ആശുപത്രികളും പ്രൈമറി ഹെൽത്ത് സെന്ററുകളും വികസിപ്പിക്കാനും ബെഡ്ഡുകളുടേയും സ്റ്റാഫിന്റേയും എണ്ണം കൂട്ടി ചികിൽസാസൗകര്യം വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളും ഹെൽത്ത് സെന്ററുകളും;

(ഇ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ആശുപത്രിയാക്കുന്നതിനോടനുബന്ധിച്ച് മറ്റു ജില്ലാ ആശുപത്രികളിൽ ഇതുവരെയായി ഏതെല്ലാം സൗകര്യങ്ങളാണ് പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) തീയതി നിശ്ചയിച്ചിട്ടില്ല.

(സി) മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ആശുപത്രിയാക്കുമ്പോൾ കോഴിക്കോട് ജില്ലാ ആശുപത്രിയും (ബീച്ച് ഹോസ്പിറ്റൽ) മറ്റു ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും വികസിപ്പിക്കാനും ബെഡ്ഡുകളുടേയും സ്റ്റാഫിന്റേയും എണ്ണം കൂട്ടി ചികിൽസാ സൗകര്യം വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഘട്ടംഘട്ടമായി മാത്രമേ ഈ വികസനപ്രവർത്തനങ്ങൾ നടപ്പാക്കാനാവുകയുള്ളു.

(ഡി) താഴെ പറയുന്ന ആശുപത്രികൾ വികസിപ്പിക്കുവാനാണ് താൽക്കാലികമായി ഉദ്ദേശിക്കുന്നത്.

1. കോഴിക്കോട് ജനറൽ ആശുപത്രി (ബീച്ച് ആശുപത്രി).
2. കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി
3. വടകര താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി
4. താമരശ്ശേരി സർക്കാർ ആശുപത്രി
5. നാദാപുരം സർക്കാർ ആശുപത്രി
6. മാനന്തവാടി ജില്ലാ ആശുപത്രി
7. കണ്ണൂർ ജില്ലാ ആശുപത്രി
8. മഞ്ചേരി ജില്ലാ ആശുപത്രി

(ഇ) കോഴിക്കോട് ജില്ലാ ആശുപത്രിയിൽ കിടക്കകളുടെ എണ്ണം ഇപ്പോഴുള്ള 336-ൽ നിന്നും 550 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 20 ഡോക്ടർമാരുടേയും 40 സ്റ്റാഫ് നേഴ്സുമാരുടേയും 10 നേഴ്സിംഗ് അസിസ്റ്റന്റുമാരുടേയും 10 ഹോസ്പിറ്റൽ അറ്റൻഡർമാരുടേയും, ലബോറട്ടറി ടെക്നീഷ്യൻ, ഫാർമസിസ്റ്റ് ലബോറട്ടറി അറ്റൻഡർ, ഡോബി എന്നിവരുടെ ഓരോന്നും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. മറ്റു ജില്ലാ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

റൂറൽ ഡിസ്പെൻസറികൾ

60 [68] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി റൂറൽ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ;

(സി) നിലവിലുള്ള ഏതെങ്കിലും റൂറൽ ഡിസ്പെൻസറികൾ പ്രൈമറി ഹെൽത്ത് സെന്ററുകളുമായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ?

LIBRARY ARCHIVES Kerala Legislative Assembly